**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **02-02-2026 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി തീരപ്രദേശത്തെ പുലിമുട്ട്, ഫിഷ് ലാൻഡിങ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശത്ത് പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പരപ്പനങ്ങാടിയിൽ ഹാർബർ നിർമ്മാണ പ്രവൃത്തിയാണ് നടന്ന് വരുന്നത്. അതിൽ ഉൾപ്പെട്ട സൗത്ത്, നോർത്ത് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഹാർബറിന്റെ മറ്റു ഘടകങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | പരപ്പനങ്ങാടി ആലുങ്ങൽ, ചാപ്പപ്പടി ഭാഗത്ത് ഫിഷ് ലാൻഡിങ് സെന്ററുകളുടെ പുനർനിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | നിലവിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നില്ല. |
| (സി) | ഈ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുകയും ഫയൽ നമ്പറും ഫയലിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുള്ള നടപടികളും ഫയലിന്റെ നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ; | (സി) | നിലവിൽ സമർപ്പിച്ചിട്ടില്ല. |
| (ഡി) | ഫിഷ് ലാൻഡിങ് സെന്ററുകളുടെ എസ്റ്റിമേറ്റ് തുകകളും ഫയൽ നമ്പറുകളും പ്രസ്തുത ഫയലുകളിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുള്ള നടപടികളും ഫയലുകളുടെ നിലവിലെ പൊസിഷനും സഹിതം വിശദമാക്കാമോ? | (ഡി) | നിലവിൽ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ